# സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്

**ജവഹർ സഹകരണ ഭവൻ ,ഡി.പി.ഐ ജംഗ്ഷൻ**
**തൈക്കാട് പി.ഒ. വഴുതക്കാട് ,തിരുവനന്തപുരം 695 014**

യോഗ്യത പരീക്ഷാ വിജ്ഞാപനം: **4/2026**

വിജ്ഞാപന തിയ്യതി: **28.01.2026** അപേക്ഷ ലഭിക്കേണ്ട അവസാന തിയതി: **27.02.2026**

**1969 ലെ കേരള സഹകരണ നിയമം ചട്ടം 185 (5) പ്രകാരം കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളിലെ ജീവനക്കാരിൽ നിന്നും യോഗ്യത നിർണ്ണയ പരീക്ഷയുടെ ഭാഗമായി കേരള സഹകരണ ചട്ടം 185 (6) പ്രകാരം റീജിയണൽ മാനേജർ തസ്തികയിലേക്ക് യോഗ്യതാ നിർണ്ണയ പരീക്ഷക്ക് അർഹതയുള്ള ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.**

അപേക്ഷ സമർപ്പിക്കേണ്ട വിധം

(1) അപേക്ഷകന്റെ ഇപ്പോഴത്തെ തസ്തിക, Appendix III പ്രകാരം പ്രാഥമിക സഹകരണ സംഘങ്ങൾ, അർബൻ ബാങ്കുകൾ എന്നിവയുടെ നിലവിലെ ക്ലാസ്സിഫിക്കേഷൻ എന്നിവ ഓൺലൈനിൽ വ്യക്തമായി രേഖപ്പെടുത്തണം.

(2) യോഗ്യത പരീക്ഷയ്ക്ക് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുന്നതിന് അപേക്ഷകൻ/അപേക്ഷക ജോലി ചെയ്യുന്ന സ്ഥാപനത്തിന് നൽകിയിരിക്കുന്ന യൂസർ ഐഡി മുഖേന അപേക്ഷിക്കുന്ന ജീവനക്കാരന്റെ സേവന വിവരങ്ങൾ എംപ്ലോയീസ് ഡീറ്റെയിൽസ് എൻട്രിയിൽ രേഖപ്പെടുത്തേണ്ടതാണ്. അതിനുശേഷം സ്ഥാപനത്തിന്റെ പ്രൊഫൈലിൽ തന്നെ പ്രൊമോഷൻ എക്സാം (Promotion Exam) എന്ന ലിങ്കിൽ ഇഷ്യൂ സർട്ടിഫിക്കറ്റ് (Issue Certificate) ക്ലിക് ചെയ്ത് സർട്ടിഫിക്കറ്റ് പ്രിന്റ് എടുക്കേണ്ടതാണ്. പ്രിന്റ് എടുത്ത സർട്ടിഫിക്കറ്റ് ജോലി ചെയ്യുന്ന സ്ഥാപനത്തിലെ ചീഫ് എക്സിക്യൂട്ടീവ്/സെക്രട്ടറിയുടെ ഒപ്പ് രേഖപ്പെടുത്തി കൈപ്പറ്റേണ്ടതാണ്.

(3) എംപ്ലോയീസ് ഡീറ്റെയിൽസ് എൻട്രിയിൽ വിവരങ്ങൾ രേഖപ്പെടുത്തിക്കഴിയുമ്പോൾ എൻട്രി ചെയ്ത ജീവനക്കാരന്റെ മൊബൈലിൽ യൂസർ ഐഡി, പാസ്സ്‌വേർഡ് ലഭിക്കുന്നതാണ്. പ്രസ്തുത യൂസർ ഐഡി, പാസ്സ്‌വേർഡ് എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്ത ശേഷം സ്ഥാപനത്തിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റ് സ്കാൻ ചെയ്ത് പ്രൊഫൈലിൽ അപ്‌ലോഡ് ചെയ്ത്, ഫീസ് അടച്ച അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(4) യോഗ്യത പരീക്ഷയ്ക്ക് ബോർഡ് നിഷ്കർഷിച്ചിട്ടുള്ള പ്രകാരം www:cseb.kerala.gov.in വെബ്സൈറ്റിൽ കാന്റിഡേറ്റ് ലോഗിൻ (Candidate Login) വഴി മൊബൈലിൽ ലഭിച്ച യൂസർ ഐഡി, പാസ്സ്‌വേർഡ് ഉപയോഗിച്ച് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(5) യോഗ്യത പരീക്ഷയ്ക്ക് അപേക്ഷിക്കുന്നതിന് ജീവനക്കാർ 18% GST ഉൾപ്പെടെ ആയിരത്തി എഴുനൂറ്റി എഴുപത് (1500+270=1770/-) രൂപ ഓൺലൈൻ ആയി ഫീസ് അടക്കേണ്ടതാണ്. പ്രസ്തുത ഫീസ് ആദ്യ തവണ ബാങ്ക്/സംഘം വഹിക്കേണ്ടതാണ്.

(6) സിലബസ് സഹകരണ സർവീസ് പരീക്ഷ ബോർഡ് വെബ്സൈറ്റിൽ ലഭ്യമാണ്.

(7) യോഗ്യത പരീക്ഷയുടെ ഹാൾ ടിക്കറ്റ് പരീക്ഷയുടെ പതിനഞ്ച് ദിവസത്തിനകം ജീവനക്കാരുടെ പ്രൊഫൈലിൽ നിന്ന് ഡൌൺലോഡ് ചെയ്ത് പ്രിന്റ് എടുക്കാവുന്നതാണ്.

(8) യോഗ്യത പരീക്ഷ സംബന്ധിച്ചുള്ള അറിയിപ്പുകൾ ജീവനക്കാരുടെ പ്രൊഫൈലിൽ യഥാസമയം ലഭ്യമാകുന്നതാണ്. ജീവനക്കാർ അവരുടെ പ്രൊഫൈൽ ഇടയ്ക്കിടെ പരിശോധിക്കേണ്ടതാണ്.

(9) അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തിയതി **27.02.2026**

സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിനു വേണ്ടി,
ഷീജ.കെ
സെക്രട്ടറി
സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്
തിരുവനന്തപുരം

സ്ഥലം : തിരുവനന്തപുരം
തീയതി : 29-01-2026